# അക്ഷരമാല

## സ്വരങ്ങൾ

അ ആ ഇ ഈ ഉ ഊ ഋ എ ഏ ഐ ഒ ഓ ഔ

## വ്യഞ്ജനങ്ങൾ

| ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം | |
|---|---|---|---|---|---|
| ക | ഖ | ഗ | ഘ | ങ | കവർഗ്ഗം |
| ച | ഛ | ജ | ഝ | ഞ | ചവർഗ്ഗം |
| ട | ഠ | ഡ | ഢ | ണ | ടവർഗ്ഗം |
| ത | ഥ | ദ | ധ | ന | തവർഗ്ഗം |
| പ | ഫ | ബ | ഭ | മ | പവർഗ്ഗം |
| യ ര ല വ | | | | | മദ്ധ്യമങ്ങൾ |
| ശ ഷ സ ഹ ള ഴ റ | | | | | ഊഷ്മാക്കൾ |

## പ്രത്യേക അക്ഷരങ്ങൾ

| | |
|---|---|
| ചില്ലക്ഷരങ്ങൾ: | ൻ ൽ ൾ ർ ൺ |
| അനുസ്വാരം: | ം |
| വിസർഗ്ഗം: | ഃ |

## കൂട്ടക്ഷരങ്ങൾ

### പ്രത്യേക കൂട്ടക്ഷരങ്ങൾ

റ്റ ന്റ

### ചില പ്രത്യേക അക്ഷരങ്ങളുടെ കൂട്ടക്ഷരങ്ങൾ

| | | | | |
|---|---|---|---|---|
| **യ:** | ക്യ = ക്‌യ | ഖ്യ = ഖ്‌യ | ഗ്യ = ഗ്‌യ . . . |
| **ര(റ):** | ക്ര = ക്‌റ | ഖ്ര = ഖ്‌റ | ഗ്ര = ഗ്‌ര . . . |
| **ല(ള):** | ക്ല = ക്‌ള | ഗ്ല = ഗ്‌ള | പ്ല = പ്‌ള . . . |
| **വ:** | ക്വ = ക്‌വ | ഖ്വ = ഖ്‌വ | ഗ്വ = ഗ്‌വ . . . |

### ഇരട്ടിച്ച കൂട്ടക്ഷരങ്ങൾ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്ക | = | ക്‌ക | ഗ്ഗ | = | ഗ്‌ഗ | ങ്ങ | = | ങ്‌ങ |
| ച്ച | = | ച്‌ച | ജ്ജ | = | ജ്‌ജ | ഞ്ഞ | = | ഞ്‌ഞ |
| ട്ട | = | ട്‌ട | ഡ്ഡ | = | ഡ്‌ഡ | ണ്ണ | = | ണ്‌ണ |
| ത്ത | = | ത്‌ത | ദ്ദ | = | ദ്‌ദ | ന്ന | = | ന്‌ന |
| പ്പ | = | പ്‌പ | ബ്ബ | = | ബ്‌ബ | മ്മ | = | മ്‌മ |
| യ്യ | = | യ്‌യ | ല്ല | = | ല്‌ല | വ്വ | = | വ്‌വ |
| ശ്ശ | = | ശ്‌ശ | സ്സ | = | സ്‌സ | ള്ള | = | ള്‌ള |

### മറ്റു കൂട്ടക്ഷരങ്ങൾ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ക്ത | = | ക്‌ത | ക്ഷ | = | ക്‌ഷ | ഗ്ദ | = | ഗ്‌ദ |
| ഗ്ന | = | ഗ്‌ന | ഗ്മ | = | ഗ്‌മ | ങ്ക | = | ങ്‌ക |
| ച്ഛ | = | ച്‌ഛ | ജ്ഞ | = | ജ്‌ഞ | ഞ്ച | = | ഞ്‌ച |
| ഞ്ജ | = | ഞ്‌ജ | ണ്ട | = | ണ്‌ട | ണ്ഡ | = | ണ്‌ഡ |
| ണ്ഢ | = | ണ്‌ഢ | ത്ഥ | = | ത്‌ഥ | ത്ന | = | ത്‌ന |
| ത്ഭ | = | ത്‌ഭ | ത്മ | = | ത്‌മ | ത്സ | = | ത്‌സ |
| ദ്ധ | = | ദ്‌ധ | ന്ത | = | ന്‌ത | ന്ഥ | = | ന്‌ഥ |
| ന്ദ | = | ന്‌ദ | ന്ധ | = | ന്‌ധ | ന്മ | = | ന്‌മ |
| മ്പ | = | മ്‌പ | ശ്ച | = | ശ്‌ച | സ്ഥ | = | സ്‌ഥ |
| സ്റ്റ | = | സ്‌റ്റ | ഹ്ന | = | ഹ്‌ന | ഹ്മ | = | ഹ്‌മ |

## സ്വരചിഹ്നങ്ങൾ

| | | | | | | | | |
|---|---|---|---|---|---|---|---|---|
| ക | = | ക്‌അ | കാ | = | ക്‌ആ | കി | = | ക്‌ഇ |
| കീ | = | ക്‌ഈ | കു | = | ക്‌ഉ | കൂ | = | ക്‌ഊ |
| കൃ | = | ക്‌ഋ | കെ | = | ക്‌എ | കേ | = | ക്‌ഏ |
| കൈ | = | ക്‌ഐ | കൊ | = | ക്‌ഒ | കോ | = | ക്‌ഓ |
| കൗ | = | ക്‌ഔ | | | | | | |

# സംഖ്യകൾ

| | | | |
|---|---|---|---|
| 0 | പൂജ്യം | | |
| 1 | ഒന്ന് | 11 | പതിനൊന്ന് |
| 2 | രണ്ട് | 12 | പന്ത്രണ്ട് |
| 3 | മൂന്ന് | 13 | പതിമൂന്ന് |
| 4 | നാല് | 14 | പതിന്നാല് |
| 5 | അഞ്ച് | 15 | പതിനഞ്ച് |
| 6 | ആറ് | 16 | പതിനാറ് |
| 7 | ഏഴ് | 17 | പതിനേഴ് |
| 8 | എട്ട് | 18 | പതിനെട്ട് |
| 9 | ഒൻപത് | 19 | പത്തൊൻപത് |
| 10 | പത്ത് | 20 | ഇരുപത് |

| | |
|---|---|
| 100 | നൂറ് |
| 1,000 | ആയിരം |
| 10,000 | പതിനായിരം |
| 100,000 | ലക്ഷം |
| 1,000,000 | പത്തുലക്ഷം |
| 10,000,000 | കോടി |

$\frac{1}{2}$ അര     $\frac{1}{4}$ കാൽ     $\frac{3}{4}$ മുക്കാൽ

### ഒന്നു മുതൽ പത്തു വരെയുള്ള സംഖ്യകളും അവയോടു ബന്ധപ്പെട്ട വസ്തുക്കളും

| | | |
|---|---|---|
| 1 | ഒന്ന് | അമ്മ; അച്ഛൻ; സൂര്യൻ; ചന്ദ്രൻ; തല; മൂക്ക്. |
| 2 | രണ്ട് | കണ്ണുകൾ; കാലുകൾ; കൈകൾ. |
| 3 | മൂന്ന് | തേങ്ങയുടെ കണ്ണുകൾ; ഓട്ടോറിക്ഷയുടെ ചക്രങ്ങൾ. |
| 4 | നാല് | മൃഗങ്ങളുടെ കാലുകൾ; മേശ, കസേര തുടങ്ങിയവയുടെ കാലുകൾ; ചതുരത്തിന്റെ മൂലകൾ. |
| 5 | അഞ്ച് | കൈയിലെ വിരലുകൾ. |
| 6 | ആറ് | ഈച്ച, വണ്ട് തുടങ്ങിയവയുടെ കാലുകൾ. |
| 7 | ഏഴ് | ആഴ്ചയിലെ ദിവസങ്ങൾ; മഴവില്ലിലെ നിറങ്ങൾ; സപ്തസ്വരങ്ങൾ (സ രി ഗ മ പ ധ നി). |
| 8 | എട്ട് | ചിലന്തിയുടെ കാലുകൾ, സ്റ്റോപ് സൈനിന്റെ വശങ്ങൾ. |
| 9 | ഒൻപത് | നവഗ്രഹങ്ങൾ (ബുധൻ, ശുക്രൻ, ഭൂമി, ചൊവ്വ, വ്യാഴം, ശനി, യുറാനസ്, നെപ്ട്യൂൺ, പ്ലൂട്ടോ). |
| 10 | പത്ത് | രണ്ടു കൈകളിലും കൂടി വിരലുകൾ. |

## ആഴ്ചയിലെ ദിവസങ്ങൾ

ഞായർ തിങ്കൾ ചൊവ്വ ബുധൻ വ്യാഴം വെള്ളി ശനി

# നിറങ്ങൾ

| | | | | | |
|---|---|---|---|---|---|
| കറുപ്പ് | black | വെളുപ്പ് | white | മഞ്ഞ | yellow |
| ചുവപ്പ് | red | നീല | blue | പച്ച | green |
| തവിട്ട് | brown | ഊത | purple | ഇളം ചുവപ്പ് | pink |

# മൃഗങ്ങളും പക്ഷികളും

ആന, ആട്, പശു, കാള, എരുമ, പോത്ത്, കുതിര, കഴുത, ഒട്ടകം, ഒട്ടകപ്പക്ഷി, പന്നി, പുലി, കടുവ, സിംഹം, വരയൻ കുതിര (സീബ്ര), നീളൻ കുതിര (ജിറാഫ്)

# കുടുംബാംഗങ്ങൾ

അമ്മ

അച്ഛൻ

ചേട്ടൻ

ചേച്ചി

അനിയൻ

അനിയത്തി

അപ്പൂപ്പൻ (മുത്തച്ഛൻ, അച്ഛച്ഛൻ)

അമ്മൂമ്മ (മുത്തശ്ശി, അമ്മമ്മ)

# മലയാളമാസങ്ങൾ

ചിങ്ങം
കന്നി
തുലാം
വൃശ്ചികം
ധനു
മകരം
കുംഭം
മീനം
മേടം
ഇടവം
മിഥുനം
കർക്കടകം

# പാട്ടുകൾ

## തീവണ്ടി

കൂ കൂ കൂകും തീവണ്ടി
കൂകിപ്പായും തീവണ്ടി
കൽക്കരി തിന്നും തീവണ്ടി
വെള്ളം മോന്തും തീവണ്ടി
രാപ്പകലോടും തീവണ്ടി
തളർന്നുനിൽക്കും തീവണ്ടി
വെയിലത്തോടും തീവണ്ടി
മഴയത്തോടും തീവണ്ടി
വേഗം പായും തീവണ്ടി
ഹാ ഹാ ഹാ ഹാ തീവണ്ടി

## അച്ഛനൊന്ന് അമ്മയൊന്ന്. . .

അച്ഛനൊന്ന് അമ്മയൊന്ന് ദൈവമൊന്ന്
കൈകൾ രണ്ട് കാലും രണ്ട് കാതും രണ്ട്
കണ്ടിട്ടില്ലേ തേങ്ങായ്ക്കു കണ്ണു മൂന്ന്
പൂച്ച പട്ടി ഇവയ്ക്കെല്ലാം കാലു നാല്
എനിക്കുള്ള ഒരു കയ്യിൽ വിരലഞ്ച്
ഈച്ച വണ്ട് ഇവയ്ക്കെല്ലാം കാലുണ്ടാറ്
ഞായർ തിങ്കൾ എന്നിങ്ങനെ നാളുണ്ടേഴ്
എട്ടുകാലി പ്രാണികൾക്കു കാലുണ്ടെട്ട്
ഞാനെന്നുള്ള വീടിനു വാതിലൊൻപത്
എനിക്കുള്ള രണ്ടു കയ്യിൽ വിരൽ പത്ത്

## പണ്ടൊരു കുരങ്ങച്ചൻ. . .

പണ്ടൊരു കുരങ്ങച്ചൻ
മുരിങ്ങേമ്മേക്കേറി

മുരിങ്ങേമ്മേക്കേറീട്ടു
തിരിഞ്ഞൊന്നു കളിച്ചു

തിരിഞ്ഞൊന്നു കളിച്ചിട്ടു
മറിഞ്ഞൊന്നു കളിച്ചു

മറിഞ്ഞൊന്നു കളിച്ചപ്പൊ
മറിഞ്ഞൊന്നു വീണു

മറിഞ്ഞൊന്നു വീണപ്പൊ
പിടഞ്ഞൊന്നെണീറ്റു

പിടഞ്ഞൊന്നെണീറ്റിട്ടു
വാലും പൊക്കി വടക്കോട്ടോടുമ്പൊ
തിരിഞ്ഞൊന്നു നിന്നിട്ട്
ഇളിച്ചൊന്നു കാട്ടി. . .

## കുരങ്ങൻ

കാട്ടുമരത്തിൻ കൊമ്പുകൾ തോറും
കയറാം മറിയാം ചാടാം
വാലാൽച്ചില്ലത്തുമ്പിൽക്കെട്ടി
വരിഞ്ഞുകിടന്നൊന്നാടാം
കായികവിദ്യകളിങ്ങനെ പലതും
കാട്ടും ഞാൻ പുകൾ തേടും
വാലില്ലാത്തോർ നിങ്ങളെറിഞ്ഞാൽ
വാൽ പൊക്കിക്കൊണ്ടോടും

## അടിപിടി

ABCD അടിപിടി കൂടി
EFGH അതിനൊടു കൂടി
IJKL അതു കണ്ടെത്തി
MNOP അമ്മയൊടോതി
QRST അച്ഛനതറിഞ്ഞു
UVW വടിയുമെടുത്തു
XYZ അടിയോടടിയായീ

## മിഠായി

ഹായി ഠായി മിഠായി
തിന്നുമ്പോൾ എന്തിഷ്ടായി
വായിൽ വെച്ചാൽ വെള്ളായി
തിന്നു കഴിഞ്ഞാൽ കഷ്ടായി

## മുട്ടായിയും ബുദ്ധിയും

മുട്ടായി ബുദ്ധി ചേർത്തീടിൽ
ബുദ്ധിമുട്ടായി

## ആ എന്നൊരക്ഷരം. . .

ആ എന്നൊരക്ഷരം എത്തറ വലുത്
ആനയുമെത്തറ വലുത്
ആൽമരം വലുത്
ആ എന്നോതും നേരത്തെന്നുടെ
വായയുമെത്തറ വലുത്

## ആനയും ആമയും

ആന വരുന്നേ, ആന വരുന്നേ
കൊമ്പൻ പാറ നടന്നു വരുന്നേ
തത്തകം തിത്തകം ആന വരുന്നേ

ആമ വരുന്നേ ആമ വരുന്നേ
കുഞ്ഞൻ പാറ നടന്നു വരുന്നേ
തകരം പികരം ആമ വരുന്നേ

## കാക്കയും കോഴിയും നായയും

കക്കക്ക കാക്കയും
കൊക്കൊക്കൊ കോഴിയും
തിത്തിത്തൈ മുറ്റത്തു തർക്കമായി
ഞാനാണുണർന്നതിന്നാദ്യം കാക്കേ
ഞാനാണുണർന്നതിന്നാദ്യം കോഴീ
ബബ്ബബ്ബൗ നായയങ്ങോടിയെത്തി
ഞാനുറങ്ങിയിട്ടേയില്ലെന്ന് ബബ്ബൗ

## ഒന്നെന്നെങ്ങനെയെഴുതാം?

ഒന്നെന്നെങ്ങനെയെഴുതാം?
ഒന്നെന്നിങ്ങനെയെഴുതാം –
വളവും വേണ്ടാ
തിരിവും വേണ്ടാ
ചെരിവും വേണ്ടാ
കുനിവും വേണ്ടാ
കുത്തനെയൊരു വര കുറിയ വര

ഒന്നായ് നന്നായ്

ഒന്നായ് നിന്നാൽ നന്നായ്
നന്നായ് വന്നാൽ ഒന്നായ്
ഒന്നായാൽ നന്നായി
നന്നായാൽ ഒന്നായി

## ഉറുമ്പുപട

പട നയിച്ചു പട നയിച്ചു
വരികയാണുറുമ്പുകൾ
പട നയിച്ചു പട നയിച്ചു
വരികയാണുറുമ്പുകൾ
അണിനിരന്നു മാർച്ചു ചെയ്തു
വരികയാണുറുമ്പുകൾ
പഞ്ചസാരഭരണിയും
നിറഞ്ഞ തേൻകുടങ്ങളും
കാലിയാക്കി വരികയാണു
നൂറുനൂറുറുമ്പുകൾ

## ആനയും ഈച്ചയും

ആ വരുന്നതൊരാന. . .
ഈ വരുന്നതൊരീച്ച. . .

ആനയുമീച്ചയും തമ്മിൽത്തമ്മിൽ
അടുത്തടുത്തു വരുന്നു. . .

ആനയ്ക്കുണ്ടോ പേടി?
ഈച്ചയ്ക്കുണ്ടോ പേടി?
രണ്ടിനുമില്ലാ പേടി. . .

ആന കീഴേ പോയി
ഈച്ച മേലേ പോയി. . .

## കോരന്റെ മടി

നെല്ലു കുത്തട കോരാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞി വെയ്ക്കട കോരാ
എനിക്കു വയ്യെന്റമ്മേ
കഞ്ഞി കുടിക്കട കോരാ
അങ്ങനെ പറയെന്റമ്മേ

## ചോറുണ്ണാൻ

അച്ഛനെയിങ്ങോട്ടു വിളിച്ചേടാ ചോറുണ്ണാൻ –
അച്ഛനു പാടത്തു പണിയുണ്ടേ
ചേട്ടനെയിങ്ങോട്ടു വിളിച്ചേടാ ചോറുണ്ണാൻ –
ചേട്ടനു കടയിൽ പോകണ്ടേ?
ചേച്ചിയെയിങ്ങോട്ടു വിളിച്ചേടാ ചോറുണ്ണാൻ –
ചേച്ചീടൊക്കത്തു കുട്ടീണ്ടേ
നീയിങ്ങോട്ടു വന്നേടാ ചോറുണ്ണാൻ –
ഞാനിതാ എത്തിപ്പോയ്, എത്തിപ്പോയ്!

## പിള്ളാരും വലിയോരും

“ആന വരുന്നേ, ആന വരുന്നേ
മാറിപ്പോകൂ പിള്ളാരേ. . . ”
“ആന വരട്ടേ, വന്നാൽ മുതുകിൽ
ചാടിക്കയറും വലിയോരേ. . . ”

“ആറൊഴുകുന്നേ, ആറൊഴുകുന്നേ
മാറിപ്പോകൂ പിള്ളാരേ. . . ”
“ആറൊഴുകട്ടേ, ആറിനു കുറുകെ-
പ്പാലം കെട്ടും വലിയോരേ. . . ”

“കാടുണ്ടേ – വൻ കാടുണ്ടേ – വഴി-
മാറിപ്പോകൂ പിള്ളാരേ. . . ”
“കാടു കടക്കാൻ അമ്പും വില്ലും
കരുതീട്ടുണ്ടേ വലിയോരേ. . . ”

“മഞ്ഞുണ്ടേ – വൻ മഞ്ഞുണ്ടേ – വഴി-
മാറിപ്പോകൂ പിള്ളാരേ. . . ”
“മഞ്ഞു തടുക്കാൻ കമ്പിളിവസ്ത്രം
കരുതീട്ടുണ്ടേ വലിയോരേ. . . ”

## ബലൂൺ

ഊതി നിറച്ച ബലൂൺ
വീർത്തൊരു മത്ത ബലൂൺ
നീല ബലൂൺ
മഞ്ഞ ബലൂൺ
പച്ച ബലൂൺ
പൊട്ടിപ്പോയ്!

## ഉണ്ണി

ആറ്റിൻവക്കത്തെ മാളികവീട്ടില-
ന്നാറ്റുനോറ്റിട്ടൊരുണ്ണി പിറന്നു.
ഉണ്ണിയ്ക്കരയിലെക്കിങ്ങിണി പൊന്നുകൊ-
ണ്ടുണ്ണിക്കു കാതിൽക്കുടക്കടുക്കൻ.
പാപ്പ കൊടുക്കുന്നു പാലു കൊടുക്കുന്നു

പാവ കൊടുക്കുന്നു നങ്ങേലി.

കാച്ചിയ മോരൊഴിച്ചൊപ്പി വടിച്ചിട്ടു
"കാക്കേം പൂച്ചേം" പാട്ടുകൾ പാടീട്ടു
മാനത്തമ്പിളി മാമനെക്കാട്ടീട്ടു
മാമു കൊടുക്കുന്നു നങ്ങേലി.

താഴെ വെച്ചാലുറുമ്പരിച്ചാലോ
തലയിൽ വെച്ചാൽ പേനരിച്ചാലോ
തങ്കക്കുടത്തിനെത്താലോലം പാടീട്ടു
തങ്കക്കട്ടിലിൽപ്പട്ടു വിരിച്ചിട്ടു
തണുതണെപ്പൂന്തുട തട്ടിയുറക്കീട്ടു
ചാഞ്ഞു മയങ്ങുന്നു നങ്ങേലി.

## കുരങ്ങന്മാരുടെ അടി

കുരങ്ങനും കുരങ്ങനും അടികൂടി
അതിലൊരു കുരങ്ങന്റെ തല പൊട്ടി
എടുക്കെടാ കുരങ്ങാ പുളിവാറ്
കൊടുക്കെടാ കുരങ്ങാ പതിനാറ്

## മൂസയും മടലും

ആശകൊണ്ടു മൂസ തെങ്ങിന്മേൽക്കേറി

മടൽ അടർന്നു വീണു
മൂസ മലർന്നു വീണു

മടൽ അടുപ്പിലായി
മൂസ കിടപ്പിലായി

## പഞ്ചാരക്കുഞ്ചു

കുഞ്ചിയമ്മയ്ക്കഞ്ചു മക്കളാണേ
അഞ്ചാമനോമനക്കുഞ്ചുവാണേ
പഞ്ചാര വിറ്റു നടന്ന കുഞ്ചു
പഞ്ചാരകുഞ്ചുവെന്ന പേരു വന്നു
വഞ്ചിയിൽ പഞ്ചാരച്ചാക്കു വെച്ചു
തുഞ്ചത്തിരുന്നു തുഴഞ്ഞു കുഞ്ചു
പഞ്ചാര തിന്നു മദിച്ചു കുഞ്ചു
ഇഞ്ചി കടിച്ചു രസിച്ചു കുഞ്ചു
കുഞ്ചിയമ്മയ്ക്കഞ്ചു മക്കളാണേ
അഞ്ചാമൻ പഞ്ചാരക്കുഞ്ചുവാണേ

## കാക്കേ കാക്കേ കൂടെവിടെ. . .

"കാക്കേ കാക്കേ കൂടെവിടെ
കൂട്ടിനകത്തൊരു കുഞ്ഞുണ്ടോ?
കുഞ്ഞിനു തീറ്റ കൊടുക്കാഞ്ഞാൽ
കുഞ്ഞു കിടന്നു കരഞ്ഞീടും"

"കുഞ്ഞേ, കുഞ്ഞേ, നീ തരുമോ
നിന്നുടെ കയ്യിലെ നെയ്യപ്പം?"
"ഇല്ല, തരില്ലീ നെയ്യപ്പം"
"അയ്യോ കാക്കേ, പറ്റിച്ചോ!"

## കടലയ്ക്ക

കറുമുറെ കടിക്കണ കടലയ്ക്ക
കടിക്കുമ്പൊ തെറിക്കണ കടലയ്ക്ക
കടപ്പുറത്തിരുന്നു ഞാൻ കൊറിക്കുന്നു

കടലുണ്ടു കൊതികൊണ്ടു തുള്ളുന്നു
കടലയ്ക്ക തിന്നാൻ കൊതിയുണ്ടോ?
കടലേ കൈവശം കാശുണ്ടോ?
ഇല്ലെങ്കിൽ പോട്ടേ തന്നീടാം
പല്ലൊന്നും വായയിൽ ഇല്ലല്ലോ
നല്ലോണം താടി നരച്ചല്ലോ
എന്നാലും ഒരു മണി തന്നീടാം
വന്നാലും, എന്തേ വേണ്ടെന്നോ?
കഷ്ടം കടലേ ഇടയരുതേ
കുട്ടനുരച്ചതു കളിയല്ലേ?

## കചടതപാ. . .

കചടതപാ കചടതപാ
കൊറച്ചെനിക്കേട്ടാ കദളിപ്പഴം

ഖഛഠഥഫാ ഖഛഠഥഫാ
കയ്ക്കുന്നിതനിയാ കദളിപ്പഴം

ഗജഡദബാ ഗജഡദബാ
കയ്പെനിക്കിഷ്ടമാണേറ്റമേട്ടാ

ഘഝഢധഭാ ഘഝഢധഭാ
ലവലേശം കൊടുത്തില്ല കൊതിയനേട്ടൻ

ങഞണനമാ ങഞണനമാ
കിണുകിണെക്കിണുങ്ങീ കുഞ്ഞനിയൻ

## വണ്ടിപ്പാട്ട്

ഒന്നേ ഒന്നേ ഓട്ടോറിക്ഷാ

ഓടിക്കേറി വരുന്നുണ്ടേ

രണ്ടേ രണ്ടേ വണ്ടിക്കാളകൾ
വണ്ടി വലിച്ചു വരുന്നുണ്ടേ

മൂന്നേ മൂന്നേ മൂളിക്കൊണ്ടൊരു
ബസ്സു കടന്നു വരുന്നുണ്ടേ

നാലേ നാലേ ലോറിയൊരെണ്ണം
ചീറിപ്പാഞ്ഞു വരുന്നുണ്ടേ

അഞ്ചേ അഞ്ചേ എഞ്ചിൻ വെച്ചൊരു
വഞ്ചി കുതിച്ചു വരുന്നുണ്ടേ

ആറേ ആറേ ചീറിക്കൊണ്ടൊരു
കാറു പറന്നു വരുന്നുണ്ടേ

ഏഴേ ഏഴേ താഴെക്കൂടൊരു
സൈക്കിൾ മെല്ലെ വരുന്നുണ്ടേ

എട്ടേ എട്ടേ തട്ടീം മുട്ടീം
സ്കൂട്ടർ വണ്ടി വരുന്നുണ്ടേ

ഒമ്പതുപേരൊരു ജീപ്പിന്നുള്ളിൽ
'ചെത്തിയടിച്ചു' വരുന്നുണ്ടേ

പത്തേ പത്തേ 'കുക്കുടു കുടുകുടു'
പുത്തൻ ബൈക്കു വരുന്നുണ്ടേ!

## വൃത്തിയുള്ള പൂച്ച

പൂച്ച നല്ല പൂച്ച
വൃത്തിയുള്ള പൂച്ച
പാലു വെച്ച പാത്രം

വൃത്തിയാക്കി വെച്ചു

## പപ്പടം

പരത്തിപ്പറഞ്ഞാൽ പർപ്പടകം
ഒതുക്കിപ്പറഞ്ഞാൽ പപ്പടം
വേഗം പറഞ്ഞാൽ പപ്ടം
അതു ചുട്ടെടുത്തൊന്നമർത്തിയാലോ?
*പ്ടം*

## ചോറ്

അടയ്ക്കാത്തൊണ്ടിൽ
ഉഴക്കരി വെച്ചു
ചീച്ചളിച്ചു
രാമോനുണ്ടു
കോമോനുണ്ടു
കൂമത്തി മക്കള് പത്താളുണ്ടു
പന്ത്രണ്ടാന പടിഞ്ഞിരുന്നുണ്ടു
വേലിക്കൽ തത്ത ഞെളിഞ്ഞിരുന്നുണ്ടു
പിന്നേം കിടക്കുന്നു എട്ടു തൊട്ടി ചോറ്!

## അരി വെന്താൽ. . .

അരിവെന്താൽ ചോറാകും
അതു വെന്താൽ ചേറാകും

## കുഞ്ഞിത്തത്ത

കുഞ്ഞിത്തത്തേ പോകല്ലേ
കുഞ്ഞിത്തട്ടിൽ പാലില്ലേ
കഞ്ഞി വിളമ്പാൻ ഞാനില്ലേ
കുഞ്ഞിത്തത്തേ മിണ്ടില്ലേ?

പച്ച വിരിച്ചൊരു പാടത്തോ
മച്ചിനകത്തോ മാനത്തോ
പിച്ച കളിപ്പതു വെയിലത്തോ
പൂച്ച പിടിക്കും നീയോർത്തോ!

## അരിവാളരിവാൾ. . .

അരിവാളരിവാളെവിടെടി പെണ്ണേ
മരുതങ്കോടിപ്പൊന്നമ്മേ. . . ?
ആ അരിവാളല്ലിയോ പിന്നെ
ചാമ കൊയാൻ പോയത്. . .

ആ ചാമയെവിടെടി പെണ്ണേ
മരുതങ്കോടിപ്പൊന്നമ്മേ. . . ?
ആ ചാമയല്ലിയോ പിന്നെ
കുത്തിക്കഞ്ഞി വെച്ചത്. . .

ആ കഞ്ഞിയെവിടെടി പെണ്ണേ
മരുതങ്കോടിപ്പൊന്നമ്മേ. . . ?
ആ കഞ്ഞിയല്ലിയോ പിന്നെ
ഊളൻ കുട്ടി കുടിച്ചത്. . .

ആ ഊളനെവിടെടി പെണ്ണേ
മരുതങ്കോടിപ്പൊന്നമ്മേ. . . ?
ആ ഊളനല്ലിയോ പിന്നെ

തൂറ്റിപ്പാറ്റിച്ചത്തത്. . .

ആ ചാണകമെവിടെടി പെണ്ണേ
മരുതങ്കോടിപ്പൊന്നമ്മേ. . . ?
ആ ചാണകമല്ലിയോ പിന്നെ
അമ്പലമുറ്റം മെഴുകിയത്. . .

## ഈ വല്ലിയിൽ നിന്നു ചെമ്മേ. . .

കുട്ടി:
ഈ വല്ലിയിൽ നിന്നു ചെമ്മേ – പൂക്കൾ
പോകുന്നിതാ പറന്നമ്മേ!

അമ്മ:
തെറ്റി നിനക്കുണ്ണീ, ചൊല്ലാം – നൽപ്പൂ–
മ്പാറ്റകളല്ലേയിതെല്ലാം

കുട്ടി:
മേൽക്കുമേലിങ്ങിവ പൊങ്ങി – വിണ്ണിൽ
നോക്കമ്മേ, എന്തൊരു ഭംഗി!
അയ്യോ പോയ് കൂടെക്കളിക്കാൻ – അമ്മേ
വയ്യയെനിക്കു പറക്കാൻ

അമ്മ:
ആവാത്തതിങ്ങനെയെണ്ണി – ച്ചുമ്മാ
മാഴ്കല്ലെയെന്നോമലുണ്ണീ
പിച്ച നടന്നു കളിപ്പൂ – നീ, യി–
പ്പിച്ചകമുണ്ടോ നടപ്പൂ?

കുട്ടി:
അമ്മട്ടിലായതെന്തെന്നാൽ – ഞാനൊ–
രുമ്മ തരാമമ്മ ചൊന്നാൽ

അമ്മ:
നാമിങ്ങറിയുവതല്പം – എല്ലാം
ഓമനേ, ദൈവസങ്കല്പം

## മാസപ്പാട്ട്

ചിങ്ങത്തിൽ ചങ്ങാതി കൊയ്തുപോയി
കന്നിനിലാവിൽ നടന്നുപോയി
ത്്ലാമഴയത്തു നനഞ്ഞുപോയി
വൃശ്ചികക്കാറ്റിൽ വിറച്ചുപോയി
ധനുവിലും വന്നു തിരിച്ചുപോയി
മകരമഞ്ഞത്തു പുതച്ചുപോയി
കുംഭത്തിൽ കുമ്പ നിറച്ചുപോയി
മീനവെയിലിൽ വിറച്ചുപോയി
മേടത്തിൽ കൊന്നപ്പൂ കൊണ്ടുപോയി
ഇടവത്തിലിടിയിൽ വിരണ്ടുപോയി
മിഥുനത്തിൽ മിന്നലും കണ്ടുപോയി
കർക്കടകത്തിൽ കുടയ്ക്കു പോയി

# കഥകൾ

## തൊപ്പിക്കാരനും കുരങ്ങന്മാരും

നമ്മൾ എന്തുചെയ്താലും കുരങ്ങന്മാർ അത് ആവർത്തിക്കുമെന്നതു മനസ്സിലാക്കി മിടുക്കനായ അബ്ദുള്ള തന്റെ തലയിലിരുന്ന തൊപ്പി കുരങ്ങന്മാർക്കു നേർക്ക് എറിഞ്ഞ് അവരുടെ തലയിൽ ഇരുന്ന തൊപ്പികൾ തിരിച്ചു വാങ്ങിയ കഥ.

## തയ്യൽക്കാരനും ആനയും

തയ്യൽക്കാരന്റെയും ആനയുടെയും കഥ.

## ഐകമത്യം മഹാബലം

വേട്ടക്കാരന്റെ വലയിൽപ്പെട്ട പ്രാവുകൾ ഒറ്റക്കെട്ടായി വലയും കടിച്ചുപിടിച്ചു രക്ഷപ്പെട്ട കഥ.

## വായാടിയായ ആമ

പക്ഷികളുടെ സഹായത്തോടുകൂടി യാത്രചെയ്ത വായാടിയായ ആമയുടെ കഥ.

## ആമയും മുയലും

ആമയുടെയും മുയലിന്റെയും കഥ.

## ഊളന്മാരും കൂവലും

പണ്ടു പണ്ട്, ഊളമ്പാറ എന്ന സ്ഥലത്ത് ഒരു കാടുണ്ടായിരുന്നു. കാട്ടിൽ കുറേ കുറുക്കന്മാറുണ്ടായിരുന്നു. എന്നും രാത്രി എല്ലാ കുറുക്കന്മാരും കൂട്ടത്തോടെ കാട്ടിന്റെ നടുക്കുള്ള കുന്നിന്റെ ഉച്ചിയിൽ കയറി കുത്തിയിരിക്കും. കുറുക്കന്മാർക്കൊരു ചീത്ത സ്വഭാവമുണ്ട് . എന്താണെന്നോ? കൂവൽ. രാത്രി ചന്ദ്രൻ ഉദിച്ചു വരുന്നതു കണ്ടാൽ അവർക്കു കൂവണമെന്നു തോന്നും. ഒരു കുറുക്കൻ കൂവിക്കഴിഞ്ഞാൽ പിന്നെ മറ്റു കുറുക്കന്മാർക്കു കൂവാതിരിക്കാൻ പറ്റില്ല. അവരും കൂവും. ഉറക്കെ. കൂ...കൂ...കൂ...

കൂർക്കം വലിച്ച് ഉറങ്ങുകയായിരുന്ന ആളുകൾ കുറുക്കന്മാരുടെ കൂവൽ കേട്ട് ഉണർന്നു. കൂവൽ മൂലം ഉറക്കം നഷ്ടപ്പെട്ട ആളുകൾ പട്ടികളെ അഴിച്ചുവിട്ടു തുടങ്ങി. പട്ടികൾ കുറുക്കന്മാരെ കടിച്ച് ഓടിക്കാനും തുടങ്ങി. ഇതു സഹിക്കാൻ വയ്യാതെ കുറുക്കന്മാർ പട്ടികളിൽ നിന്നു രക്ഷപ്പെടാൻ ഒരു ഉപായത്തിനായി ഏറ്റവും ബുദ്ധിയുള്ള കൂനൻ കുറുക്കനെ അഭയം പ്രാപിച്ചു. കൂനൻ കുറുക്കൻ ഉപദേശിച്ചു: “കൂവാതിരിക്കുക മാത്രമാണ് ഒരേയൊരു ഉപായം.”

കുറുക്കന്മാർ അന്നു രാത്രി കൂവാതെ കുന്നിനു മുകളിൽ ഇരിക്കാൻ ശ്രമിച്ചു. പക്ഷേ ചന്ദ്രൻ ഉദിച്ചു പൊങ്ങിയപ്പോൾ അവർക്കു കൂവാതിരിക്കുവാൻ കഴിഞ്ഞില്ല. അവർ കൂവുകയും, ആളുകൾ പട്ടികളെ അഴിച്ചുവിടുകയും, കുറുക്കന്മാർ പട്ടികളുടെ കടികൊണ്ട് ഓടുകയും ചെയ്തു.

ഇങ്ങനെ കുറേ ദിവസം കഴിഞ്ഞു. കുറുക്കന്മാർ കൂവൽ നിർത്തുന്നില്ല എന്നു കണ്ടപ്പോൾ കൂനൻ കുറുക്കൻ പുതിയ ഒരു ഉപായം പ്രയോഗിച്ചു. കൂവുന്ന കുറുക്കന്മാർക്ക് കൂനൻ കുറുക്കൻ ഒരു പിഴ നിശ്ചയിച്ചു. അതനുസരിച്ച്, കൂവുന്ന കുറുക്കന്മാർ ഒരു നിശ്ചിത സംഖ്യ ഒരു കുടുക്കയിൽ ഇടണം. പിറ്റേന്നു രാവിലെ ഈ കുടുക്കയിലെ പണം കൂനൻ കുറുക്കനെ ഏൽപിക്കുകയും

വേണം.

ഇതനുസരിച്ച് കൂനൻ കുറുക്കനു ദിവസവും ഒരുപാടു പണം കിട്ടുവാൻ തുടങ്ങി. കൂനൻ കുറുക്കൻ അതുപയോഗിച്ചു സുഖമായി ജീവിച്ചു.

അങ്ങനെയിരിക്കുമ്പോൾ കൂനൻ കുറുക്കന്റെ അറുപതാം പിറന്നാൾ വന്നു. പിറന്നാൾ രാത്രിയിൽ കൂനൻ കുറുക്കനെ സന്തോഷിപ്പിക്കാൻ വേണ്ടി എത്ര ബുദ്ധിമുട്ടിയിട്ടാണെങ്കിലും കൂവാതിരിക്കാൻ കുറുക്കന്മാർ തീരുമാനിച്ചു.

പിറന്നാൾ ദിവസം രാത്രി കൂനൻ കുറുക്കൻ മറ്റു കുറുക്കന്മാരുടെ കൂവൽ കേൾക്കാൻ ചെവിയോർത്തു കിടന്നു. കുറേ നേരമായിട്ടും കൂവൽ കേൾക്കാതായപ്പോൾ തനിക്കു കിട്ടുന്ന പണം ഇനി കിട്ടാതെ പോകുമോ എന്ന് കൂനൻ കുറുക്കനു ഭയം തോന്നി. ആരും കാണാതെ കൂനൻ കുറുക്കൻ കുന്നിന്റെ മുകളിൽ കയറി ഉച്ചത്തിൽ കൂവി: “കൂ, കൂ, കൂ, . . . ”.

കൂവൽ കേട്ടപ്പോൾ മറ്റു കുറുക്കന്മാർക്കും കൂവാതിരിക്കാൻ കഴിഞ്ഞില്ല. എല്ലാവരും കൂവലിൽ പങ്കുചേർന്നു.

## കുരുവിയുടെ വിരുത്

പക്ഷികളുടെ പറക്കൽ മത്സരത്തിന്റെ കഥ.

## സിംഹവും മുയലും

## കുരങ്ങനും മുതലയും

## മൂഷികസ്ത്രീ

എലിപ്പെണ്ണിന്റെ കല്യാണത്തിന്റെ കഥ.

## കഴുതയെച്ചുമന്ന അച്ഛനും മകനും

അച്ഛന്റെയും മകന്റെയും കഴുതയുടെയും കഥ.

## കല്ലുപായസം

# കടങ്കഥകൾ

*(ഉത്തരങ്ങൾക്ക് പേജ് 28 നോക്കുക.)*

1. വടകരവളവിലൊരറുപതു തെങ്ങു–
ണ്ടറുപതു തെങ്ങിലുമറുപതു പൊത്തു–
ണ്ടറുപതു പൊത്തിലുമറുപതു നത്തു–
ണ്ടെന്നാൽ നത്തിനു കണ്ണെത്ര?

(

$$60 \times 60 \times 60 \times 2 = 432000$$
$$60 \times 2 = 120$$

)

2. ഓണമുണ്ണും നേരമിലത്തുമ്പിൽ വന്നു വീഴും
കാണുമെന്നാൽ കൈക്കലാക്കി പിള്ളേരടി കൂടും
കാച്ചിടുന്ന വാസനയാൽ നാവിൽ വെള്ളമൂറും
പച്ചയായിപ്പിച്ചിത്തിന്നാൽ പല്ലിലൊട്ടിക്കേറും
അമ്പിളിയമ്മാവനെപ്പോൽ വട്ടമൊത്തിരിക്കും
അമ്പോടതിൻ പേരു ചൊല്ലിൻ ബാലരായ നിങ്ങൾ

3. മുറ്റത്തെച്ചെപ്പിനടപ്പില്ല

4. താമസം മൂക്കന്നൂരിൽ
കാലു വെയ്ക്കുന്നതു ചെവിയന്നൂരിൽ
ചിലപ്പോൾ താമസം കൂടന്നൂരിൽ
ഞാനാര്?

# കടങ്കഥകളുടെ ഉത്തരങ്ങൾ

*(ചോദ്യങ്ങൾക്കു പേജ് 27 നോക്കുക.)*

1. നത്തിനു കണ്ണു ***രണ്ട്***
2. പപ്പടം
3. കിണർ
4. കണ്ണട

# പുതിയ അക്ഷരങ്ങളും വാക്കുകളും

**അ**

അമ്മ, അച്ഛൻ

അഞ്ജലി, അലക്സ്, അരവിന്ദ്

**ആ**

ആന, ആമ, ആട്

ആൻ

**ഇ**

ഇല ഇഞ്ചി

**ഈ**

ഈച്ച ഈന്തപ്പഴം ഈന്തപ്പന

**ഉ**

ഉമ്മ, ഉരൽ, ഉലക്ക, ഉറക്കം, ഉള്ളി, ഉടുപ്പ്, ഉറുമ്പ്, ഉപ്പ്, ഉപ്പേരി, ഉത്തരം

ഉമേഷ്, ഉണ്ണി, ഉല്ലാസ്, ഉഷ

## ഊ

ഊഞ്ഞാൽ, ഊത്ത്, ഊരുക

## ക, ട

അട, അടി, ആട, ആടി, ഇട, ഇടി, ഈടി, കട, കടി, കാട, കാടി, കിടി, കുട, കുടി, കൂട, കൂടി

കുട്ടൻ, കുഞ്ചു, കുഞ്ഞുണ്ണി കുത്ത്, കൂർക്കം, കുര, കൂനൻ, കുടുക്ക.

## ക

കാക്ക, കുതിര, കുരങ്ങൻ, കിളി, കല്യാണം, കാർമേഘം, കറുപ്പ്, കടൽ, കടല, കടിക്കുക, കറുമുറാ, കൊറിയ്ക്കുക, കൊതി, കാശ്

കാമ്യ, കാർത്തി, കാവ്യ, കാർത്തിക, കുഞ്ചു, കുഞ്ഞുണ്ണി, കുട്ടൻ, കൃഷ്ണൻ

## പ

പൂവ്, പട. പേടി, പോകുക, പാട്ട്, പടം, പാഠം, പഠിയ്ക്കുക, പഴം, പപ്പടം, ഉപ്പ്, ഉപ്പേരി, പായസം, പഞ്ചസാര, പാത്രം, പൂജ്യം, പത്ത്, പൂച്ച, പുലി, പുഴു, പട്ടി, പന്നി, പോത്ത്, പശു, പാല്, പുല്ല്, ദീപ, ദീപക്, പുസ്തകം, പേന, പെൻസിൽ, പല്ല്, പുളി, പുക, പൊടിയ്ക്കുക, അപ്പൂപ്പൻ

## ത

തറ, തല, തലയിണ, തവള, തൊപ്പി, തോറ്റു, തുമ്മൽ, തിളക്കം, തെളിയുക, തിരിയുക, തത്ത

## മ

മകൻ, മകൾ, മക്കൾ, മണ്ടൻ, മഞ്ഞ, മഞ്ഞ്, മടക്കുക, മടി, മഠം, മണി, മണം, മണൽ, മണ്ണ്, മതി, മതിൽ, മയിൽ, മരം, മരുന്ന്, മല, മലയാളം

മാങ്ങ, മാൻ, മാല, മാവ്, മാസം, മാസിക

മിടുക്കൻ, മിടുക്കി, മിഠായി, മിനിഞ്ഞാന്ന്, മിന്നൽ

മീൻ, മീശ

മുഖം, മുകളിൽ, മുന്നിൽ, മുടി, മുതല, മുത്ത്, മുയൽ, മുല്ല, മുള്ള്, മുറ്റം

മൂങ്ങ, മൂല, മൂട്ട, മൂടുക, മൂന്ന്, മൂളുക

മൃഗം, മൃദംഗം

മെത്ത, മെഴുകുതിരി, മെഴുക്കുപുരട്ടി

മേഘം, മേശ

മൊട്ടുസൂചി

മോതിരം, മോര്

## വാക്കുകൾ

അട

അടി

ആട

ആടി

ഇട

ഇടി

ഈടി

കട

കടി

കാട

കാടി

കിടി

കുട

കുടി

കൂട

കൂടി

## സൂചിക


കഥ

- അച്ഛനും മകനും കഴുതയും . . . . 26
- ആമയും മുയലും . . . . . . . . . . . . . 23
- ഊളന്മാരും കൂവലും . . . . . . . . . . 24
- ഐകമത്യം മഹാബലം . . . . . . . . 23
- കല്ലുപായസം . . . . . . . . . . . . . . . . 26
- കുരങ്ങനും മുതലയും . . . . . . . . . 25
- കുരുവിയുടെ വിരുത് . . . . . . . . . . 25
- തയ്യൽക്കാരനും ആനയും . . . . . . 23
- തൊപ്പിക്കാരനും കുരങ്ങന്മാരും . 23
- മൂഷികസ്ത്രീ . . . . . . . . . . . . . . . . 25
- വായാടിയായ ആമ . . . . . . . . . . . . 23
- സിംഹവും മുയലും . . . . . . . . . . . 25

പാട്ട്

- അച്ഛനെയിങ്ങോട്ടു വിളിച്ചേടാ . . . 13
- അച്ഛനൊന്ന് അമ്മയൊന്ന് . . . . . . . 8
- അടയ്ക്കാത്തൊണ്ടിൽ . . . . . . . . . 19
- അരിവാളരിവാളെവിടെടി . . . . . . . 20
- അരിവെന്താൽ ചോറാകും . . . . . . 19
- ആ എന്നൊരക്ഷരം . . . . . . . . . . . 10
- ആന വരുന്നേ, ആന വരുന്നേ കൊമ്പൻ പാറ . . . . . . . . . . . . . 11
- ആന വരുന്നേ, ആന വരുന്നേ മാറിപ്പോകൂ . . . . . . . . . . . . . . . . 13
- ആ വരുന്നതൊരാന . . . . . . . . . . . 12
- ആശകൊണ്ടു മൂസ . . . . . . . . . . . . 15
- ആറ്റിൻവക്കത്തെ മാളികവീട്ടിൽ . 14
- ഈ വല്ലിയിൽ നിന്നു ചെമ്മേ . . . 21
- ഊതി നിറച്ച ബലൂൺ . . . . . . . . . 14
- ഏ ബീ സീ ഡീ അടിപിടി കൂടി . 10
- ഒന്നെന്നെങ്ങനെയെഴുതാം? . . . . 11
- ഒന്നേ ഒന്നേ ഓട്ടോറിക്ഷാ . . . . . . 17
- കക്കക്ക കാക്കയും . . . . . . . . . . . . 11
- കചടതപാ കചടതപാ . . . . . . . . . 17
- കറുമുറെ കടിക്കണ കടലയ്ക്ക . . 16
- കാക്കേ കാക്കേ കൂടെവിടെ . . . . . 16
- കാട്ടുമരത്തിൻ കൊമ്പുകൾ . . . . . . 9
- കുഞ്ഞിയമ്മയ്ക്കഞ്ചു . . . . . . . . . . . 16
- കുഞ്ഞിത്തത്തേ പോകല്ലെ . . . . . 20
- കുരങ്ങനും കുരങ്ങനും . . . . . . . . 15
- കൂ കൂ കൂകും തീവണ്ടി . . . . . . . . . 8
- ചിങ്ങത്തിൽ ചങ്ങാതി . . . . . . . . . 22
- നെല്ലു കുത്തട കോരാ . . . . . . . . . 13
- പട നയിച്ചു പട നയിച്ചു . . . . . . . 12
- പണ്ടൊരു കുരങ്ങച്ചൻ . . . . . . . . . . 9
- പരത്തിപ്പറഞ്ഞാൽ പർപ്പടകം . . . 19
- പൂച്ച നല്ല പൂച്ച . . . . . . . . . . . . . . . 18
- മുട്ടായി ബുദ്ധി ചേർത്തീടിൽ . . . 10
- ഹായി ഠായി മിഠായി . . . . . . . . . . 10